# INTERNATIONAL INDIAN SCHOOL DAMMAM
# SUMMATIVE ASSESSMENT II 2015 MARCH
## MALAYALAM CLASS:VI

**TIME : 3 HRS** **MARKS : 90**

1 ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

(Marks : 10)

പ്രഭാതത്തിൽ നമ്മുടെ വീടുകളിൽ ആദ്യമായി വരുന്നത് പത്രവിതരണക്കാരൻ ആയിരിക്കും. വാർത്താവിതരണത്തിന്റെയും വിജ്ഞാനപോഷണത്തിന്റെയും പ്രധാനപ്പെട്ട ഒരുപാധിയാണ് പത്രം. പത്രങ്ങൾ , വാരികകൾ, മാസികകൾ തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കു വേണ്ടി എഴുതുകയും എഴുതിയത് സംസ്കരിച്ചെടുക്കുകയും ചെയ്യലാണ് പത്രപ്രവർത്തനം. വർത്തമാനകാലത്തിന്റെ ചരിത്രം വിവരിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഇന്നത്തെ ജീവിതത്തിന്റെ അനുപേക്ഷണീയ ഘടകമാണ്.ക്രിസ്തുവർഷാരംഭത്തിനു മുമ്പു റോമാസാമ്രാജ്യത്തിലും ,അശോകചക്രവർത്തിയുടെ ഭരണകാലത്ത് ഇന്ത്യയിലും പത്രപ്രവർത്തനത്തിനു തുല്യമായ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. ചക്രവർത്തിമാർ നാടുനീളെയുള്ള വാർത്തകൾ ദൂതൻമാർവഴി ശേഖരിക്കുകയും സ്വന്തം വിളംബരങ്ങൾ പ്രജകളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ഇതിനെയാണ് പത്രപ്രവർത്തനത്തിന്റെ ആദിരൂപം എന്നു കരുതുന്നത്. ഭാരതത്തിൽ ആദ്യ വർത്തമാനപത്രം ആരംഭിച്ചത് 1780 - ൽ കൽക്കത്തയിലാണ്.

1. ഇന്നത്തെ ജീവിതത്തിന്റെ അനുപേക്ഷണീയ ഘടകമെന്താണ് ? 1

2. പ്രഭാതത്തിൽ നമ്മുടെ വീടുകളിൽ ആദ്യമായി വരുന്നത് ആരാണ് ? 1

3. എന്തിന്റെയെല്ലാം ഉപാധിയാണ് പത്രം ? 1

4. ഭാരതത്തിൽ ആദ്യമായി വർത്തമാനപത്രം ആരംഭിച്ചത് എന്ന് എവിടെ ? 1

5. എപ്പോഴൊക്കെയാണ് ഇന്ത്യയിൽ പത്രപ്രവർത്തനത്തിനു തുല്യമായ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നത് ? 2

6. പത്രപ്രവർത്തനത്തിന്റെ ആദ്യ രൂപമെന്ത് ? 2

7. പത്രപ്രവർത്തനം എന്നാൽ എന്ത് ? 2

**II** <u>ബ്രാക്കറ്റിൽ നിന്ന് ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക</u>
(ഭാ, ക്ഷേ, ബാ, ജാ, ഷേ, ഹിം, ബി)

1. പി__ളം 2. ഭൂ__ത 3. പ്രതി__ശാലി 4. അ__സ 6. ആ__പം 5

**III** <u>അർത്ഥം എഴുതുക</u>
1. കോവിലകം 2. എമ്പാടും 3. ആരവം 4. തന്ത്രം 5. നിശിതമായി 5

**IV** <u>വിപരീതം എഴുതുക</u>
1. അന്യം 2. അവാച്യം 3. ഇഷ്ടം 4. രക്ഷിക്കുക 5. കുറയുക 5

**V** <u>പര്യായം എഴുതുക</u>
1. വെള്ളം 2. അമ്പ് 3.പൈതം 4.പെട്ടി 5. മഴ 6. ആഹ്ലാദം 6

**VI** <u>നാനാർത്ഥം എഴുതുക</u>
1. ഉത്തരം 2. നവം 2

**VII** <u>ചേർത്തെഴുതുക</u>
1. കേട്ട് + എഴുതി 2. കദന + കടൽ 3. നിരന്തരം + ആയി 4. വണങ്ങി + കൊണ്ട്
6. അടിച്ച് + ഓടിക്കുക 6

**VIII** <u>പിരിച്ചെഴുതുക</u>
1. വളരെക്കാലം 2. ശരീരമാകെ 3. അദ്ദേഹം 4.ഉൾത്തേൻ 5. ലോകമെമ്പാടും
6. മുക്കിയെടുത്തു 6

**IX** <u>വാക്യത്തിൽ പ്രയോഗിക്കുക</u>
1. പരസ്പരം 2. പ്രശസ്തി 3. കളങ്കമറ്റ 3

**X** <u>പദ്യം പൂരിപ്പിക്കുക</u> (8 വരി) 8
മിണ്ടിത്തുടങ്ങാൻ__________

______________________

__________വളർച്ച നേടൂ

**XI** <u>ഖണ്ഡിക തയ്യാറാക്കുക</u>
അച്ചടക്കം 6

## XII ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത്എഴുതുക ( 6 marks)

1. എന്റെ ഭാഷ എന്ന കവിത എഴുതിയത് ആര് ?
   (കുമാരനാശാൻ, വള്ളത്തോൾ, ചങ്ങമ്പുഴ)

2. നിർമ്മൽ ഹൃദയ് എവിടെ സ്ഥിതി ചെയ്യുന്നു ?
   (ഡൽഹി, കൽക്കത്ത, സ്കോപ്ജെ)

3. മാനിനെ കെട്ടഴിച്ചു വിട്ടത് ആരാണ് ?
   (രാജകുമാരൻ, വഴിപോക്കൻ, ശ്രീബുദ്ധൻ)

4. ശങ്കർ പാവമ്യൂസിയം ആരംഭിച്ചത് എന്നാണ് ?
   (1948 - ൽ, 1965 - ൽ, 1936 - ൽ)

5. സ്വയം ഇളിഭ്യനായ രാജാവ് ആര് ?
   (സാമൂതിരി, കോലത്തിരി, അജിത്സിംഗ്)

6. ശങ്കേഴ്സ് വീക്ക്ലി ഉദ്ഘാടനം ചെയ്തത് ആര് ?
   ( ജവഹർലാൽ നെഹ്റു, ശങ്കർ, ഗാന്ധിജി)

## XIII രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

1. സാമൂതിരി കോലത്തിരിക്ക് കൊടുത്തയച്ച സമ്മാനം എന്തായിരുന്നു ? 2
2. ശങ്കർ സ്ഥാപിച്ച പാവമ്യൂസിയത്തിന്റെ പ്രധാന്യം എന്ത് ? 2
3. എന്തു കാഴ്ച കണ്ടിട്ടാണ് ശ്രീബുദ്ധന്റെ കണ്ണു നിറഞ്ഞത് ? 2
4. മർത്യന്റെ പെറ്റമ്മയായി പറയുന്നതാരെയാണ് ? 2

## XIV മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക

1. മാതൃഭാഷയുടെ മഹത്വം കവി വ്യക്തമാക്കുന്നത് എങ്ങനെ ? 3

2. ശങ്കറും നെഹ്റുവും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതായിരുന്നു ? 3

3. കോലത്തിരി സാമൂതിരിയോട് പ്രതികാരം ചെയ്തത് എങ്ങനെ ? 3

## XV ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക ( ANY ONE)

1. ഏതെല്ലാം ബഹുമതികളാണ് മദറിനെ തേടിയെത്തിയത് ? (5)

**OR**

2. കുട്ടികൾക്കു വേണ്ടി ശങ്കർ ചെയ്ത സേവനങ്ങൾ എന്തൊക്കെയാണ് ?